# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ. 379/ആർ 1/2024/കെ.ഡി.ആർ.ബി  തിരുവനന്തപുരം , 23.04.2026

<u>**അറിയിപ്പ്**</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ക്ഷണിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് ലാ ഓഫീസർ ഗ്രേഡ് II (കാറ്റഗറി നം.43/2025) തസ്തികയുടേയും, കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി (കാറ്റഗറി നം. 70/2025) തസ്തികയുടേയും 17.04.2026 തീയതിയിൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന **അസ്സൽ പ്രമാണങ്ങൾ 2026 മെയ് 4 -ാം** തീയതിക്കകം പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

1. ആധാർ കാർഡ് (നിർബന്ധമായും).
2. ജനനതീയതി തെളിയിക്കുന്നതിനായി SSLC ബുക്ക് / സ്കൂൾ അഡ് മിഷൻ രജിസ്റ്ററിന്റെ പകർപ്പ് / വിടുതൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
3. വിജ്ഞാപനപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ.
4. പ്രവൃത്തിപരിചയം തെളിയിക്കുന്ന രേഖകൾ.
5. ജാതി സംവരണം തെളിയിക്കുന്നതിന്
   a)ഇ.ഡബ്ല്യൂ.എസ് വിഭാഗക്കാർ - 18.11.2019 ലെ G.O(P) No. 79/2019/RD പ്രകാരമുള്ള EWS സർട്ടിഫിക്കറ്റ്. ടി സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ DOWNLOADS- FORMS - FORM OF CERTIFICATE (EWS) എന്ന ലിങ്കിൽ ലഭ്യമാണ്.
   b) എസ്.സി/ എസ്.ടി - കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
   c) മറ്റ് സംവരണ വിഭാഗങ്ങൾ - 26.09.2009 ലെ G.O(P) No.81/09/SC/ST DD പ്രകാരമുള്ള നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ്.
6. മറ്റ് ആനുകൂല്യങ്ങൾ പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ.

സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. മേൽപ്രകാരമുള്ള പ്രമാണങ്ങൾ നേരിട്ട് സ്വീകരിക്കുന്നതല്ല. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഉദ്യോഗാർത്ഥികൾ പ്രസ്തുത അസ്സൽ പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലെ APPLICATIONS -> DOCUMENT UPLOAD എന്ന ലിങ്ക് മുഖേന പ്രമാണങ്ങൾ അപ് ലോഡ് ചെയ്യാവുന്നതാണ്.

പ്രസ്തുത തീയതിക്കകം ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യുന്ന പ്രമാണങ്ങൾ മാത്രമേ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരിഗണിക്കുകയുള്ളു. യാതൊരു കാരണവശാലും പ്രമാണങ്ങൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകുന്നതല്ല.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്